പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1283 — 11.02.2016 -ൽ മറുപടിക്ക്.

**പാചക വാതക വിതരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.അജിത്** | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പാചക വാതകത്തിന് ഇപ്പോൾ ഈടാക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) പാചക വാതകത്തിന്റെ വില പല സ്ഥലങ്ങളിലും വ്യത്യസ്തമായിരിക്കും. DBTL സ്കീം പ്രകാരം നോൺ സബ്സിഡൈസ്ഡ് സിലിണ്ടറിന് തിരുവനന്തപുരത്ത് 596/- രൂപയാണ് പാചക വാതകത്തിന് ഇപ്പോൾ ഈടാക്കുന്ന തുക. ഇതിൽ നിന്നും സബ്സിഡി തുക ഉപഭോക്താവിന്റെ അക്കൗണ്ടിൽ നേരിട്ട് ലഭ്യമാകുന്നതാണ്. |
| (ബി) സബ്സിഡി വിലയ്ക്ക് വാങ്ങുന്ന ഒരു ഉപഭോക്താവിന് സിലണ്ടർ തുകയും ട്രാൻസ്പോർട്ടിംഗ് ചർജ്ജും ഉൾപ്പെടെ എത്ര തുകയാണ് ചെലവഴിക്കേണ്ടി വരികയെന്ന് വെളിപ്പെടുത്തുമോ; | (ബി) തിരുവനന്തപുരത്ത് DBTL സ്കീം പ്രകാരം സിലിണ്ടറിന് 596/- രൂപയാണ് ഈടാക്കുന്നത്. ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഓരോ ജില്ലയിലും വ്യതാസപ്പെട്ടിരിക്കുന്നു. പാചക വാതക ഗോഡൗണിൽ നിന്നും 5 കിലോമീറ്റർ വരെ സൗജന്യ വിതരണ മേഖലയാണ്. 5 കിലോമീറ്ററിന് മുകളിലുള്ള സ്ഥലത്ത് പാചക വാതകം വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിശ്ചയിക്കുന്ന തുക ട്രാൻസ്പോർട്ടിംഗ് ചാർജ്ജായി ഈടാക്കുന്നു. |
| (സി) ഗ്യാസ് സിലിണ്ടറിന്റെ ട്രാൻസ്പോർട്ടിംഗ് ചാർജ് ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) ഓരോ ജില്ലകളിലേയും ഭൗതിക സാഹചര്യങ്ങളും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുത്ത് കൊണ്ട് അതാത് ജില്ലാ കളക്ടർമാർ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് നിശ്ചയിക്കുന്നു. |

സെക്ഷൻ ഓഫീസർ